സെമിനാറിനു നാളെ തുടക്കം

കോട്ടയം ● സിഎംഎസ് കോളജ് ബയോടെക്നോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മോളിക്യുലാർ സീക്രട്ട്സ് ഓഫ് പ്ലാന്റ് മെഡിസിൻസ് എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ദ്വിദിന രാജ്യാന്തര സെമിനാറിനു നാളെ തുടക്കം.

എംജി സർവകലാശാലാ വൈസ് ചാൻസലർ ഡോ. എ.വി. ജോർജ് ഉദ്ഘാടനം ചെയ്യും. യുകെ ഗ്രീൻവിച്ച് യൂണിവേഴ്സിറ്റി ഫാർമക്കോഗ്നസി റിസർച്ച് ലബോറട്ടറി പ്രോഗ്രാം ലീഡർ ഡോ. സോളമൻ ഹാബ്റ്റിമേറിയം മുഖ്യപ്രഭാഷണം നടത്തും.

ഔഷധ സസ്യങ്ങളുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ ആധുനിക ശാസ്ത്രീയ ഗവേഷണത്തിന്റെ പിൻബലത്തോടുകൂടി വികസിപ്പിക്കാനുള്ള സാധ്യതകളെപ്പറ്റി സെമിനാറിൽ ചർച്ച ചെയ്യും.